# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 152** — **11.06.2018 - ൽ മറുപടിയ്ക്ക്**

## അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ :<br>ശ്രീ.പി.കെ.അബ്ദു റബ്ബ് :<br>ശ്രീ.കെ.എം.ഷാജി :<br>ശ്രീ.എം.ഉമ്മർ : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനെപ്പറ്റി ഉയർന്ന സംശയങ്ങളും സങ്കീർണതകളും അവയവദാനത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അവയവദാനത്തിനെതിരായി നടക്കുന്ന വ്യാപക പ്രചരണത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;<br><br>(സി) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (ബി) യും (സി) യും പ്രശസ്ത സിനിമാതാരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'മൃതസഞ്ജീവനി' വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരുകയും ചെയ്യുന്നു.<br><br>മസ്തിഷ്ക മരണാനന്തര അവയവദാന പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി ജില്ലാ തലത്തിൽ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും മസ്തിഷ്ക മരണ സ്ഥിരീകരണത്തിനു |

വേണ്ടി ഏകദേശം 300 ഓളം സർക്കാർ ഡോക്ടർമാർക്ക് പരിശീലനം നൽകി എംപാനൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാര തല്പരതയോടു കൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ടുവരുന്നവർക്കും സ്വാപ്പ് ഡൊണേഷനും വേണ്ടി ഒരു പുതിയ രജിസ്ട്രി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്-ന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവ ദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്കുമായി 15.02.2018 ലെ സ.ഉ.(കൈ)നം.26/2018/ആകുവ നമ്പർ പ്രകാരം പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരോപകാര തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്ന വ്യക്തിയുടെ ആജീവനാന്ത ആരോഗ്യ പരിരക്ഷയും ദാതാവിന് സർക്കാരിന്റെ ഏതെങ്കിലും ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി ആജീവനാന്തം സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും പ്രസ്തുത മാർഗ്ഗ നിർദ്ദേശത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ